## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1691 — 07.03.2018 ൽ മറുപടിയ്ക്ക്

### സെൻട്രൽ ജയിലുകളിലെ ഇതുവരെ പരോൾ ലഭിക്കാത്തവർ

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഇതുവരെ പരോൾ ലഭിക്കാത്തവരായി സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ എത്ര പേരുണ്ട് ; | (എ) | സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ ഇതുവരെ പരോൾ ലഭിക്കാത്തവരായി ആകെ 1075 തടവുകാരുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>സെൻട്രൽ ജയിൽ, തിരുവനന്തപുരം - 160 പേർ<br>സെൻട്രൽ ജയിൽ,വിയ്യൂർ - 128 പേർ<br>സെൻട്രൽ ജയിൽ, കണ്ണൂർ - 787 പേർ |
| (ബി) | ജയിൽ ചട്ടങ്ങളിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഇതുവരെ പരോൾ ലഭിക്കാത്ത തടവുകാർക്ക് പരോൾ അനുവദിക്കുന്നത് ; | (ബി) | 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 399, 469 പ്രകാരമാണ് ഇതുവരെ പരോൾ ലഭിക്കാത്ത തടവുകാർക്ക് പരോൾ അനുവദിക്കുന്നത്. |
| (സി) | ഈ വ്യവസ്ഥ പ്രകാരം അർഹതപ്പെട്ടവർക്ക് പരോൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ; | (സി) | മറ്റെല്ലാ വിധത്തിലും സാധാരണ അവധിക്ക് അർഹതയുണ്ടായിരുന്നിട്ടും ഒന്നിൽക്കൂടുതൽ തവണ പോലീസ് റിപ്പോർട്ട് പ്രതികൂലമായതിനാൽ അവധിയിൽ പോകാൻ കഴിയാത്ത തടവുകാരെ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 469 പ്രകാരം ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അർഹത ഉണ്ടെന്ന് കണ്ടെത്തിയവരെ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. കൂടാതെ 3 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയവരുടെ 3 പോലീസ് റിപ്പോർട്ടുകൾ പ്രതികൂലമായാൽ അത്തരം കേസുകൾ ചട്ടം 399 പ്രകാരം പരോൾ പുനരവലോകന സമിതി പരിഗണിക്കുകയും അർഹതയുണ്ടെന്ന് കണ്ടെത്തുന്നവരെ സർക്കാറിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ശുപാർശകൾ സർക്കാർ പരിശോധിക്കുകയും അർഹരായ തടവുകാർക്ക് പരോൾ അനുവദിക്കുകയും ചെയ്യുന്നു. |
| (ഡി) | തൃശ്ശൂരിലെ പരോൾ റിവ്യൂ കമ്മിറ്റി ഈ വ്യവസ്ഥ പ്രകാരം എത്ര പേർക്ക് പരോൾ നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട് ; | (ഡി) | 3.11.2017-ന് യോഗം ചേർന്ന് വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ പരോൾ റിവ്യൂ കമ്മിറ്റി ടി ജയിലിലെ 19 അന്തേവാസികൾക്ക് പരോൾ നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അതിൽ എത്ര പേർക്ക് പരോൾ അനുവദിച്ചിട്ടുണ്ട്; അവർ ഏതെല്ലാം കേസുകളിലെ പ്രതികളാണ് ; ഇത്തരത്തിൽ പരോൾ അനുവദിച്ചപ്പോൾ എന്തെങ്കിലും നിബന്ധനകൾ ഉണ്ടായിരുന്നോ ; | (ഇ) | കമ്മിറ്റി ശുപാർശ ചെയ്ത 19 പേർക്കും പരോൾ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | ഈ വ്യവസ്ഥ പ്രകാരം പരോൾ അനുവദിച്ചവരിൽ കാലാവധിക്കുള്ളിൽ തിരികെ എത്തിചേരാത്തവരായി ആരെങ്കിലുമുണ്ടോ ; | (എഫ്) | ഈ വ്യവസ്ഥകൾ പ്രകാരം പരോൾ അനുവദിക്കപ്പെട്ട എല്ലാപേരും നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ തിരികെ എത്തിയിട്ടുണ്ട്. |
| (ജി) | റിവ്യൂ കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള പരോൾ ഇനിയും ആർക്കെങ്കിലും അനുവദിക്കാനുണ്ടോ ; എങ്കിൽ അവർ ആരെല്ലാമാണ് | (ജി) | പരോൾ അനുവദിക്കപ്പെട്ട 19 തടവുകാരിൽ 3 പേർക്ക് അവധി അനുവദിക്കാനുണ്ട്.<br>1) സി. നം. 2422 സുരേഷ്<br>2) സി. നം. 2420 പ്രവീൺ<br>3) സി. നം.9351 ശശിധരൻ |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | സി. നം. & പേര് | കേസ് | പരോൾ അനുവദിച്ചപ്പോൾ നിഷ്കർഷിച്ച നിബന്ധനകൾ |
|---|---|---|---|
| 1 | 1701 മോഹനൻ | തൊടുപുഴ അഡീഷണൽ ഡിസ്ട്രിക് & സെഷൻസ് കോടതിയുടെ എസ്. സി. 496/11 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 201 302, വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 2 | 916 ജലീൽ | എറണാകുളം III അഡീഷണൽ സബ് കോടതിയുടെ എസ്. സി. 332/2009 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവ് | 1) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം.<br>2) പോത്താനിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രവേശിക്കാൻ പാടില്ല. |
| 3 | 9073 രാജൻ | എറണാകുളം II അഡീഷണൽ ഡിസ്ട്രിക് & സെഷൻസ് കോടതിയുടെ എസ്. സി. 429/07 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 302, 452 വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 4 | 9348 ജംഷീർ | തൃശ്ശൂർ ജില്ലാ കോടതിയുടെ എസ്. സി. 459/07 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 143. 147, 148, 302, 307 വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | അവധിയിൽ പുറത്തു പോകുന്നതും തിരികെ വരുന്നതും ഒഴികെ തൃശ്ശൂർ, പാലക്കാട് ജില്ലയിൽ പ്രവേശിക്കാൻ പാടില്ല. |
| 5 | 198 അബു @ അബൂബക്കർ | മഞ്ചേരി III അഡീഷണൽ ഡിസ്ട്രിക് & സെഷൻസ് കോടതിയുടെ എസ്. സി. 229/2006 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 302, 452 വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | മാറാഞ്ചേരി ഗ്രാമ പഞ്ചായത്തിന് പുറത്തുള്ള പോലീസ് സ്റ്റേഷനിൽ എല്ലാ ആഴ്ചയിലും ഹാജരാകണം. |
| 6 | 9351 ശശിധരൻ | തൃശ്ശൂർ ജില്ലാ കോടതിയുടെ എസ്. സി. 459/07 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 143. 147, 148, 302, 307 വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | അവധിയിൽ പുറത്തു പോകുന്നതും തിരികെ വരുന്നതും ഒഴികെ തൃശ്ശൂർ ജില്ലയിൽ പ്രവേശിക്കാൻ പാടില്ല. |
| 7 | 2429 അബ്ദുൾഖാദർ | കൊല്ലം III അഡീഷണൽ ഡിസ്ട്രിക് & സെഷൻസ് കോടതി- വഖഫ് ട്രിബ്യൂണലിന്റെ എസ്. സി. 1204/10 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവ് | 1) അവധിക്കാലയളവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രവേശിക്കാൻ പാടില്ല<br>2) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 8 | 774 അനിൽകുമാർ | എറണാകുളം പ്രിൻസിപ്പിൾ ഡിസ്ട്രിക് & സെഷൻസ് കോടതിയുടെ എസ്. സി. | 1) എറണാകുളം സിറ്റി പോലീസ് ജില്ലയിൽ പ്രവേശിക്കാൻ പാടില്ല. |

| | | | |
|---|---|---|---|
| | @ ശ്രീജു | 328/12 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 302, 324 വകുപ്പകൾ പ്രകാരം ജീവപര്യന്തം തടവ് | 2) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 9 | 9113 രാഗേഷ് @ കുഞ്ഞൻ | തൃശ്ശൂർ I അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതിയുടെ എസ്. സി. 459/2007 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 143, 148, 149, 302, 307 വകുപ്പകൾ പ്രകാരവും ആംസ് അക്റ്റിന്റെ 27 (1)-ാം വകുപ്പ് പ്രകാരവും ജീവപര്യന്തം തടവ് | അവധിയിൽ പുറത്തു പോകുന്നതും തിരികെ വരുന്നതും ഒഴികെ തൃശ്ശൂർ ജില്ലയിൽ പ്രവേശിക്കാൻ പാടില്ല. |
| 10 | 1146 ഫാറൂഖ് @ കരാട്ടേ ഫാറൂഖ് | തിരുവനന്തപുരം I അഡീഷണൽ ഡിസ്ട്രിക് & സെഷൻസ് കോടതിയുടെ എസ്. സി. 745/99 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 109, 120 B, 302,307 വകുപ്പകൾ പ്രകാരവും എക്സ്പ്ലോസീവ് ആക്റ്റിന്റെ 5-ാം വകുപ്പ് പ്രകാരവും ജീവപര്യന്തം തടവ് | 1) തിരുവനന്തപുരം ജില്ലയിൽ പ്രവേശിക്കാൻ പാടില്ല.<br>2) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 11 | 2417 പ്രേം | തൃശ്ശൂർ IV അഡീഷണൽ ജില്ലാ കോടതി / അഡീഷണൽ എം.എ. സി.റ്റി. കോടതിയുടെ എസ്. സി. 185/14 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 109, 120 ബി, 302, വകുപ്പകൾ പ്രകാരം ജീവപര്യന്തം തടവ് | 1) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം.<br>2) ഒരേ കേസിൽ ശിക്ഷിക്കപ്പെട്ടവരെ ഒരേ സമയം പരോളിൽ വിടാൻ പാടില്ല. |
| 12 | 2419 ഷിനോജ് | തൃശ്ശൂർ IV അഡീഷണൽ ജില്ലാ കോടതി / അഡീഷണൽ എം.എ. സി.റ്റി. കോടതിയുടെ എസ്. സി. 185/14 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 34, 120 ബി, 302, വകുപ്പകൾ പ്രകാരം ജീവപര്യന്തം തടവ് | 1) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം.<br>2) ഒരേ കേസിൽ ശിക്ഷിക്കപ്പെട്ടവരെ ഒരേ സമയം പരോളിൽ വിടാൻ പാടില്ല. |
| 13 | 2420 പ്രവീൺ | തൃശ്ശൂർ IV അഡീഷണൽ ജില്ലാ കോടതി / അഡീഷണൽ എം.എ. സി.റ്റി. കോടതിയുടെ എസ്. സി. 185/14 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 34, 120 ബി, 201, 302, വകുപ്പകൾ പ്രകാരം ജീവപര്യന്തം തടവ് | 1) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം.<br>2) ഒരേ കേസിൽ ശിക്ഷിക്കപ്പെട്ടവരെ ഒരേ സമയം പരോളിൽ വിടാൻ പാടില്ല. |
| 14 | 2422 സുരേഷ് | തൃശ്ശൂർ IV അഡീഷണൽ ജില്ലാ കോടതി / അഡീഷണൽ എം.എ. സി.റ്റി. കോടതിയുടെ എസ്. സി. 185/14 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 34, 120 ബി, 201, 302, വകുപ്പകൾ പ്രകാരം ജീവപര്യന്തം തടവ് | 1) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം.<br>2) ഒരേ കേസിൽ ശിക്ഷിക്കപ്പെട്ടവരെ ഒരേ സമയം പരോളിൽ വിടാൻ പാടില്ല. |
| 15 | 2421 പ്രജിത് | തൃശ്ശൂർ IV അഡീഷണൽ ജില്ലാ കോടതി / അഡീഷണൽ എം.എ. സി.റ്റി. കോടതിയുടെ എസ്. സി. 185/14 | 1) എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം.<br>2) ഒരേ കേസിൽ |

| | | | |
|---|---|---|---|
| | | കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 34, 120 ബി, 201, 302, വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | ശിക്ഷിക്കപ്പെട്ടവരെ ഒരേ സമയം പരോളിൽ വിടാൻ പാടില്ല. |
| 16 | 1608 അനൂപ് | കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി (മാറാട് കേസ്) യുടെ എസ്. സി. 867/12 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 302, വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | 1) ഒന്നിൽകൂടുതൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ<br>2) കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പ്രവേശിക്കാൻ പാടില്ല<br>3)എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 17 | 1610 സുനിൽകുമാർ @ കൊടി സുനി | കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി (മാറാട് കേസ്) യുടെ എസ്. സി. 867/12 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 302, വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | 1) ഒന്നിൽകൂടുതൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ<br>2) കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പ്രവേശിക്കാൻ പാടില്ല<br>3)എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 18 | 705 റ്റി.കെ. രജീഷ് | കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി (മാറാട് കേസ്) യുടെ എസ്. സി. 867/12 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 302, വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | 1) ഒന്നിൽകൂടുതൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ<br>2) കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പ്രവേശിക്കാൻ പാടില്ല<br>3)എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |
| 19 | 1778 അലി | എറണാകുളം II സ്പെഷ്യൽ കോടതി (എസ്.പി.ഇ /സി.ബി.ഐ) കോടതിയുടെ എസ്. സി. 282/11 കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 302, 323 വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവ് | എല്ലാ ആഴ്ചയിലും പോലീസ് സ്റ്റേഷനിൽ ഹാജരാകണം. |

<u>പൊതുവായ നിബന്ധനകൾ</u>

1) ഒരേ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികളെ ഒരേ കാലയളവിൽ പരോളിൽ വിടാൻ പാടില്ല
2) പരോൾ പുനരവലോകന സമിതി നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ